**ഈസ്റ്റർ സന്ദേശം**

# കാത്തിരിക്കാം, ശുഭോദയങ്ങൾക്കായി

## സരോജ വർഗ്ഗീസ് , ന്യൂയോർക്ക്



ഉത്ഥിതനായ ക്യസ്തുവിനെ അഭിമുഖം ദർശിച്ചപ്പോൾ യേശുനാഥന്റെ ശിഷ്യന്മാർ സന്തോഷിച്ചു. ജീവിതത്തിൽ പ്രത്യാശയും പ്രസന്നതയും പരത്തുന്ന അതേ സന്തോഷമാണ് ഇന്ന് ഏവരും ആഗ്രഹിക്കുന്നത്. തിന്മയുടെ ശക്തിയെയും മരണത്തെയും ദൈവം ആത്യന്തികമായി പരാജയപ്പെടുത്തുന്നു എന്ന വിശ്വാസം മനുഷ്യനെ കൂടുതൽ കർമ്മോന്മുഖനാക്കുന്നു. യേശുവിന്റെ പുനരുത്ഥാനം പുതുജീവന്റെയും പുതു ശക്തിയുടെയും ദിവ്യ സ്രോതസ്സാണ്. ഉത്ഥിതനായ യേശു ആദ്യം അരുൾ ചെയ്തത് " നിങ്ങൾക്ക് സമാധാനം" എന്നാണ്. ഇന്ന് ലോകം ആഗ്രഹിക്കുന്നതും അതേ സമാധാനമാണ്.

എന്നാൽ ലോകത്തിൽ എവിടെയും അസ്വസ്ഥതയുടെയും അശാന്തിയുടെയും കാർമേഘപടലങ്ങൾ ഉരുണ്ടുകൂടുന്നു. നിരാശനിറഞ്ഞ ഈ സാഹചര്യത്തിൽ "ഈസ്റ്റർ" പ്രത്യാശയുടെ സന്ദേശം പകർന്നുകൊണ്ട് സമാഗതമാകുന്നു. മനുഷ്യരാശിയെ നശിപ്പിക്കാൻ ആഞ്ഞുവരുന്ന ദുശ്ശക്തികളുടെ മേൽ ദൈവത്തിന്റെ വിജയം പ്രഘോഷിക്കുന്ന പെരുന്നാൾ.

ജീവിക്കാനുള്ള പ്രത്യാശ പോലെ തന്നെ മരണ ശേഷവും നിത്യജീവനുണ്ടെന്ന വിശ്വാസവും നമുക്ക് ധൈര്യം പകരുന്നു. വസന്തകാലാരംഭത്തിൽ, യാത്ര പറഞ്ഞുപോയ എന്റെ പ്രിയതമന്റെ കുഴിമാടത്തിൽ അദ്ദേഹത്തിനിഷ്ടമുള്ള പൂക്കൾ അർപ്പിച്ച് നിന്നപ്പോൾ കണ്ണുകൾ സജലങ്ങളായി. അദ്ദേഹം എന്നെ വിട്ടു പോയത് ഒരു ഏപ്രിൽ മാസത്തിലാണ്. മഞ്ഞുകാലം കഴിഞ്ഞ് പ്രകൃതി താരും തളിരുമണിയാൻ തയ്യാറാകുന്ന ഈ മാസത്തിൽ. മനോഹരമായ വിവിധ വർണ്ണങ്ങൾ കോർത്തിണക്കിയ കമ്പളങ്ങൾ കൊണ്ട് ക്രുസ്തുമസ് നാളുകളിലും ഉയിർപ്പുനാളുകളിൽ കുരുത്തോല കുരിശ്ശ് കൊണ്ടും അദ്ദേഹത്തിന്റെ അന്ത്യവിശ്രമസ്ഥാനം അലങ്കരിക്കപ്പെടുമ്പോൾ ഞാൻ പ്രേമപൂർവ്വം ഉരുവിടാറുണ്ട്. "എന്റെ പ്രിയനെ കാത്തിരിക്കൂ, ഞാൻ വരും." ഞാനെന്റെ പ്രിയന് നൽകിയ പ്രത്യാശയുടെ വാക്കുകൾ സ്മരണകളിൽ മിന്നി നിൽക്കുന്നു. ദൈവ സന്നിധിയിൽ എന്റെ പ്രിയപ്പെട്ടവനെ വീണ്ടും കണ്ടുമുട്ടുമെന്ന എന്റെ പ്രത്യാശ.

നിത്യത മൂകമായി ഉറങ്ങുന്ന ആ ശ്മശാന ഭൂമിയിൽ അദ്ദേഹത്തിന്റെ കുഴിമാടത്തിനു മുകളിൽ ഒരു വൃക്ഷം നിൽക്കുന്നുണ്ട്. അദ്ദേഹത്തിനെ മഴയും വെയിലും ഏൽപ്പിക്കാതെ ഒരു കുടപോലെ നിൽക്കുന്ന ചുവന്ന ഇലകളുള്ള വൃക്ഷം. എന്റെ ദുഃഖം പോലെ ശിശിരത്തിൽ ഇല കൊഴിഞ്ഞു നിന്ന ആ വൃക്ഷവും ഇപ്പോൾ തളിരിടാൻ തുടങ്ങി. പ്രകൃതിക്ക് വീണ്ടുമൊരു യൗവ്വനം കൈ വരുന്നതുപോലെ എവിടെ നോക്കിയാലും പ്രത്യാശയുടെ കിരണങ്ങൾ.

നിത്യതയിൽ ഏല്ലാവരും കണ്ടുമുട്ടുമെന്ന വിശ്വാസത്തിന്റെ സന്ദേശം അവിടത്തെ നിറഞ്ഞ നിശബ്ദതയിൽ ആരോ മെല്ലെ മന്ത്രിക്കുന്നതായി എനിക്ക് തോന്നുന്നു. അതെന്റെ ദുഃഖത്തെയും വിഷാദത്തെയും കുറയ്ക്കുന്നു. പ്രത്യാശ ഒരു വിശ്വാസവും ആശ്വാസവുമാണ്. ഒരു മന്ദമാരുതൻ അവിടേക്ക് വരുന്നു. എന്നെ ആശ്വസിപ്പിച്ച് കടന്നുപോകുന്നു. മരണത്തെ തോൽപ്പിച്ചുകൊണ്ട് ദൈവപുത്രൻ ഉയിർത്തെഴുന്നേറ്റ ഈ മാസം അനുഗ്രഹം നിറഞ്ഞതാണ്.

ഏവർക്കും പുതുജീവന്റെ അനുഭവം പ്രദാനം ചെയ്യുന്ന, പ്രത്യാശയുടെ പൊൻപുലരി ആകട്ടെ ഈസ്റ്റർ.

---